LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്

സാമ്പത്തിക വർഷം	ചെലവ് (രൂപ ലക്ഷത്തിൽ)
2011-12	1051.66
2012-13	1458.93
2013-14	717.94
2014-15	811.11

ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ അഭാവം

42 (2593) ശ്രീ. എം. ഹംസ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ കടുത്ത അഭാവം സർക്കാരാശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചത് സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കിയകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും വേണ്ട ഡോക്ടർമാർ എത്രയെന്നും നിലവിലുള്ളവർ എത്രയെന്നും അറിയിക്കാമോ ;

(സി) ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ ഗ്രാമീണമേഖലയിൽ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലെല്ലാംതന്നെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖേനയും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി ഡോക്ടർമാരുടെ തസ്തികയിൽ ഏറ്റക്കുറച്ചിലുകളുണ്ടാവുന്നതാണ്. നിലവിൽ സിവിൽ സർജൻ/അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിയമിക്കുന്നു. പ്രസ്തുത തസ്തികയിലുള്ള ഡോക്ടർമാരുടെ നിലവിലെ സ്ഥിതി ചുവടെ വിവരിക്കുന്നു :

തസ്തിക	അനുവദിക്കപ്പെട്ടത്	നിലവിലുള്ളവർ
സിവിൽ സർജൻ	819	738
അസിസ്റ്റന്റ് സർജൻ	2150	1950

കൂടാതെ അഡ്ഹോക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം മുഖേനയും താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് 20-12-2014-ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽവച്ച് നടക്കുന്ന കൗൺസിലിംഗിൽ നിയമനം നൽകി അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പ്രൊമോഷൻ മുഖേന സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഡെലിവറി കിറ്റുകൾ

43 (2594) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളുടെ ഉപയോഗത്തിന് പ്രതിവർഷം എത്ര ഡെലിവറി കിറ്റുകൾ വേണ്ടിവരും എന്നാണ് കണക്കാക്കപ്പെട്ടുന്നത് ;

(ബി) പ്രതിവർഷം എത്ര സിസേറിയൻ കിറ്റുകൾ ആവശ്യമായി വരുന്നുവെന്നാണ് കണക്കാക്കപ്പെട്ടുന്നത് ;

(സി) പ്രതിവർഷം സിസേറിയൻ കിറ്റുകൾ വാങ്ങുന്നതിനായി എത്ര തുക വകയിരുത്തുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏത് ഏജൻസി മുഖേനയാണ് ആശുപത്രികൾക്കാവശ്യമായ ഡെലിവറി കിറ്റുകൾ വാങ്ങുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly